നം. എം.4/43643/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 04.06.2015.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം -, പി.എൻ. പണിക്കർ അനുസ്മരണാർത്ഥം സംസ്ഥാന സർക്കാർ ആഘോഷിച്ചു വരുന്ന വായനാദിനവാരാചരണ പരിപാടികൾ - സംബന്ധിച്ച്.

സൂചന : (1) നമ്പർ PNPVK/KRL/GEM/101-15-16 തീയതി : 28.05.2015.
(2) പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് നമ്പർ 18902/ജി 3/15/പൊ.വി.വ., തിരുവനന്തപുരം 23.05.2015 നടപടി കുറിപ്പ്.

മേൽ സൂചന 2 പ്രകാരമുള്ള നടപടികുറിപ്പിന്റേയും മിനിറ്റ്സിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ചിത്ര രചനാ മൽസരം സംഘടിപ്പിക്കുവാൻ യോഗം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജൂൺ 19 -ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് ടാഗോർ തീയേറ്റർ / കനക്കുന്ന് കൊട്ടാരം യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ എന്നിവയിലോ ഉചിതമായ മറ്റേതെങ്കിലും വേദിയിലൊ തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽ നിന്നുമുള്ള പരമാവധി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വായനാദിനവാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിക്കുകയും ഇതിനു നേതൃത്വം നൽകുവാൻ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടറേയും, വയനാദിന - വാരാചരണ കമ്മിറ്റി ജനറൽ കൺവീനറൽമാരേയും യോഗം ചുമതല പ്പെടുത്തി. ഇതു സംബന്ധിച്ചുള്ള 22.04.2015 -ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് അയക്കുന്നു. ഇതിലെ മിനിറ്റിസിലെ 3,5,7,9,10,11,16,19,20,22,27 ഖണ്ഡികളിൽ പ്രതിപാദിച്ചിരി ക്കുന്ന നടപടി ക്രമങ്ങൾ വളരെ ഉത്തരവാദിത്വത്തോടെ നടപ്പിൽ വരുത്തേണ്ടതാണ്.

6/6/15

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് :

22.04.2015 ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

സ്വീകർത്താവ് :

എല്ലാ വിദ്യാഭ്യാസ ഡപ്യൂട്ടിഡയറക്ടർമാർക്കും.